**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3102** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനവും സംസ്കരണവും വിപണനവും ആദായകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കെ. പി. എ. മജീദ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ അഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴുവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല. 2022-23 വർഷത്തിലെ സംസ്ഥാനത്തെ അകെ മത്സ്യോദ്പാദനം 9,20,523 മെടിക് ടൺ ആണ് (കടൽ മത്സ്യോദ്പാദനം 6,90,945 + ഉൾനാടൻ മത്സ്യോദ്പാദനം 2,29,578). പ്രസ്തുത വർഷത്തിൽ 2,18,629 മെടിക് ടൺ മത്സ്യം സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യപ്പെട്ടു. ആയത് കിഴിച്ച് അകെ ആഭ്യന്തര മത്സ്യ ലഭ്യത 7,01,894 മെടിക് ടൺ മത്സ്യം ആയിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27.08 കിലോഗ്രാം ആണ്. ഇത് പ്രകാരം സംസ്ഥാനത്ത് ദൈനംദിനം ഏകദേശം **2521** ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. എന്നാൽ സംസ്ഥാനത്തിൻറെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത **1923** ടൺ ആയിരുന്നു. ആയതനുസരിച്ച 2022-23 വർഷത്തിൽ കേരളത്തിൽ 2,08,270 മെടിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി. ആയത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേക്കെത്തുന്നത്. |
| (ബി) | മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന |

| | | | |
|---|---|---|---|
| | | | 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ഇതിൽ സബ്സിഡി 48 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ പ്രസ്തുത തുക കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവായിട്ടുണ്ട്. അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>ആഴക്കടൽ മത്സ്യബന്ധന യാന നിർമ്മാണം സംബന്ധിച്ച് 08.12.2022 ന് ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡിന് Letter of Intent നൽകുകയും കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനം നടത്തി വരുന്നു. ബാക്കിയുള്ള 4 യാനങ്ങളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ പൂർത്തീകരിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട്.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന 2023-24 പദ്ധതി പ്രകാരം 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധനവും മത്സ്യത്തിന്റെ സംസ്കരണവും വിപണനവും ഉൾപ്പെടെ ആദായകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി 2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്തതും അല്ലാത്തതുമായ ഹാർബർ/ഫിഷ് ലാന്റിംഗ് സെന്റർ/മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവഹിക്കുന്നതിന് അനുമതിപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹാർബർ/ഫിഷ് ലാന്റിംഗ് സെന്റർ/മാർക്കറ്റ് ശരിയായ നടത്തിപ്പിനും പരിപാലനത്തിനുമായി ഹാർബർ/ഫിഷ് ലാന്റിംഗ് സെന്റർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുമതിയോടെ ലേലം ഒഴിവാക്കിക്കൊണ്ട് മത്സ്യത്തിന്റെ ആദ്യവിൽപ്പനയും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതിനും മൽസ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനും മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനും ഹാർബർ/ ഫിഷ് ലാന്റിംഗ് സെന്റർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരം നൽകുന്നുണ്ട്. ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മൽസ്യം ലഭ്യമാക്കുന്നതിന് മൽസ്യഫെഡ് വഴി ഫിഷ് മാർട്ടുകളും, അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നുണ്ട്. മത്സ്യം സുലഭമായ കാലങ്ങളിൽ ശേഖരിച്ച് കോൾഡ് സ്റ്റോറേജുകളിൽ സംഭരിച്ച് മത്സ്യത്തിന്റെ അടിസ്ഥാനവില നിലനിർത്തുന്നതിന് കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നതിന് അനുമതിപത്രം നൽകുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നടപ്പിൽ വരുന്നതോട് കൂടി ഇടനിലക്കാരെ ഒഴിവാക്കി മൽസ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുവാനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മുക്തമാകുന്നതിനും സഹായകമാവുന്നതാണ്. ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ |

| | | | |
|---|---|---|---|
| | | | പരിധിയിൽ കൊണ്ടുവരുന്നതാണ്. സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മറ്റിയുടെ പ്രവർത്തനം ശക്തമാകുന്നതോടുകൂടി പൊതുജനങ്ങൾക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കാവുന്നതുമാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവർ മുഖേന മൽസ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ